(ബി) തളിപ്പറമ്പ് മുനിസിപ്പാലിറ്റി, കല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം എന്നീ സെൻസസ് നഗരങ്ങൾ, കുവേരി, പരിയാരം, കുറ്റിയേരി, കുറുമാത്തൂർ, പന്നിയൂർ, പട്ടുവം, മാട്ടൂൽ, ഏഴോം, കടന്നപ്പള്ളി, പാണപ്പുഴ എന്നീ വില്ലേജുകളെയുമാണ് പട്ടുവം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ അഴീക്കോട് (തെക്ക്), അഴീക്കോട് (വടക്ക്), ചിറയ്ക്കൽ, വളപട്ടണം എന്നീ സെൻസസ് നഗരങ്ങൾക്ക് ആവശ്യമായ ശുദ്ധജലം ഈ പദ്ധതിയിൽ നിന്നും ലഭ്യമാകുന്നതാണ്.

(സി) ഇതിന്മേൽ തീരുമാനം ആയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി

31 [194] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ആവശ്യത്തിന് ജീവനക്കാരും വാഹനവും ഇല്ലാത്തതുമൂലം മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടികൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത്; ഓഫീസ് പദ്ധതി പ്രദേശത്ത് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമായ ഡേറ്റ ഉപയോഗിച്ച് പുതിയതായി ഒരു ഫീസിബിലിറ്റി പഠനം നടത്തി റിപ്പോർട്ട് അയച്ചുതരാൻ ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം സെൽ മുഖേന ഇതിന്റെ ഡേറ്റ പ്രോസസ്സ് ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. അതിനുശേഷം ഈ പദ്ധതിയുടെ വിശദമായ പര്യവേക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) മൂന്നാംകടവ് ജലസേചന പദ്ധതി ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ കീഴിൽ ആണ് വരുന്നത്. ഇതിന്റെ ഓഫീസ് പദ്ധതി പ്രദേശത്തക്ക് മാറ്റുന്ന കാര്യം, പദ്ധതിയുടെ ഫീസിബിളിറ്റി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

പമ്പാ നദിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ

32 [195] ശ്രീ. ലൂഡി ലൂയിസ്:
" എം. മുരളി:
" വി. ഡി. സതീശൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയുമായി ബന്ധപ്പെട്ട് എത്ര കുടിവെള്ള വിതരണ പദ്ധതികളുണ്ട്.;

(ബി) ഈ പദ്ധതികൾവഴി നൽകുന്ന ജലം ശുദ്ധീകരിച്ചശേഷമാണോ വിതരണം ചെയ്യുന്നത്;

(സി) എങ്കിൽ എപ്രകാരമാണ് ഈ ജലം ശുദ്ധീകരിക്കുന്നത്;

(ഡി) ഈ പ്രക്രിയകൊണ്ട് പമ്പാ ജലത്തിലടങ്ങിയിരിക്കുന്ന മാലിന്യങ്ങൾ പ്രത്യേകിച്ച് കോളിഫോം അണുക്കൾ നശിക്കുമോ?

ഉത്തരം

(എ) പമ്പാ നദിയുമായി ബന്ധപ്പെട്ട് 20 കുടിവെള്ള വിതരണ പദ്ധതികളുണ്ട്.

(ബി) ജലം ശുദ്ധീകരിച്ചശേഷമാണ് വിതരണം ചെയ്യുന്നത്.

(സി) എയ്റേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നീ ശുദ്ധീകരണ പ്രക്രിയകളിലൂടെയാണ് പൊതുവെ ശുദ്ധീകരിക്കുന്നത്. ചിലയിടങ്ങളിൽ ക്ലോറിനേഷനുശേഷം ജലം വിതരണം നടത്തുന്നു.

(ഡി) പമ്പാ നദിയിലെ ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതിനു ശേഷം മാത്രമാണ് വിതരണത്തിന് നൽകുന്നത്. ആകയാൽ പദ്ധതി പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന ജലത്തിൽ കോളിഫോം ഉൾപ്പെടെയുള്ള അണുക്കൾ ഇല്ലാതെയാണ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly